## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3963

21/10/2016 - ൽ മറുപടിക്ക്.

## കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |

(എ) കുടുംബശ്രീ മുഖേന ഇപ്പോൾ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്; വിശദാംശം നൽകുമോ;

(എ) കുടുംബശ്രീ മുഖാന്തിരം നടപ്പിലാക്കി വരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. **ലഘു സമ്പാദ്യ വായ്പ**

നാളിതുവരെ ലഘു സമ്പാദ്യ ഇനത്തിൽ **3,139** കോടി രൂപ സമാഹരിച്ചിട്ടുണ്ട്. നിലവിൽ **12,094** കോടി രൂപ ആന്തരിക വായ്പയായി അയൽക്കൂട്ടങ്ങൾ ഉപയോഗിക്കുന്നു. ലിങ്കേജ് വായ്പാ ഇനത്തിൽ **4,462** കോടി രൂപയും അയൽക്കൂട്ടങ്ങൾക്ക് ലഭ്യമായിട്ടുണ്ട്.

2. **സൂക്ഷ്മ സംരംഭങ്ങളും കൺസോർഷ്യവും**

നിലവിൽ വിവിധ മേഖലകളിലായി 31,000 സൂക്ഷ്മ സംരംഭങ്ങൾ പ്രവർത്തിച്ചു വരുന്നു. കുടുംബശ്രീയുടെ നേതൃത്വത്തിൽ സംരംഭങ്ങൾക്ക് ആവശ്യമായ പരിശീലനവും, സാങ്കേതിക സഹായവും, വിവിധ സബ്സിഡികളും, വിപണന സഹായവും നൽകിവരുന്നു. **248** ന്യൂട്രിമിക്സ് യൂണിറ്റുകൾ, **180** സാന്ത്വനം ഹെൽത്ത് കെയർ യൂണിറ്റുകൾ, **800** കഫേ കുടുംബശ്രീ യൂണിറ്റുകൾ, **5** പ്രൊഡ്യൂസർ കമ്പനികൾ തുടങ്ങിയവ കൺസോർഷ്യങ്ങളിൽ പ്രധാനപ്പെട്ടവയാണ്.

3. **കൃഷിയും മൃഗസംരക്ഷണവും**

നിലവിൽ സംഘകൃഷി ഗ്രൂപ്പുകളിലൂടെ വനിതകൾ സംഘകൃഷിയോടൊപ്പം പാട്ടകൃഷി കൂടി ചെയ്തു വരുന്നു. കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്നും പലിശ ഇളവും, കൃഷി ചെയ്യുന്നതിനുള്ള ഇൻസെന്റീവും നൽകുന്നുണ്ട്. ആട് ഗ്രാമം, ക്ഷീര സാഗരം, പോത്ത്കുട്ടി, കോഴി വളർത്തൽ തുടങ്ങിയ മൃഗസംരക്ഷണ മേഖലയിൽ കുടുംബശ്രീയുടെ സംരംഭക ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ട്.

4. **സാമൂഹിക വികസന പ്രവർത്തനങ്ങളും പട്ടിക വർഗ്ഗ മേഖലയിലെ പ്രവർത്തനങ്ങളും**

ആശ്രയ പദ്ധതിയിലൂടെ അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നു. ബഡ്സ് സ്കൂളുകൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ എന്നിവ കുടുംബശ്രീയുടെ സഹകരണത്തോടെ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്നു. 6-18 വയസ്സ് വരെയുള്ള കുട്ടികൾ അംഗങ്ങളായ ബാലസഭകളും ഉണ്ട്. പ്രത്യേക അയൽക്കൂട്ടങ്ങൾ മുഖേന ആദിവാസി കുടുംബങ്ങളും കുടുംബശ്രീ സംഘടനയിൽ പ്രവർത്തിക്കുന്നു. അട്ടപ്പാടിയുടെ സമഗ്ര വികസനത്തിനുവേണ്ടിയുള്ള പദ്ധതിയും കുടുംബശ്രീ മുഖേന നടപ്പിലാക്കുന്നു.

5. **ജെന്റർ (സ്ത്രീ പദവി സ്വയംപഠനവും സ്ത്രീ ശാക്തീകരണവും)**

കുടുംബശ്രീ അംഗങ്ങൾക്ക് സ്ത്രീ പദവി സ്വയംപഠനം വഴി ശാക്തീകരണം നടപ്പിലാക്കുന്നു. അതിക്രമങ്ങൾക്കും പീഡനങ്ങൾക്കും ഇരയാകുന്ന സ്ത്രീകൾക്ക്

താല്കാലിക അഭയം നൽകുന്ന സ്നേഹിത ജെന്റർ ഹെൽപ്പ് ഡെസ്ക് 6 ജില്ലകളിൽ പ്രവർത്തിച്ചു വരുന്നു. സ്ത്രീകളിൽ കാൻസർ വരുന്നത് തടയുന്നതിനു വേണ്ടിയുള്ള പൈലറ്റ് സർവ്വേ പത്തനംതിട്ട ജില്ലയിൽ നടത്തിയിട്ടുണ്ട്. കുടുംബശ്രീയുടെ സ്ത്രീ ശാക്തീകരണ പദ്ധതികൾ വഴി അംഗങ്ങൾക്ക് അറിവും ബോധവൽക്കരണവും വിദ്യാഭ്യാസവും നൽകി അവരെ ശക്തരാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

6. **നഗര ഭവന പദ്ധതികൾ**

കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പ്രധാനമന്ത്രി ആവാസ് യോജന (പിഎംഎവൈ) യുടെ സംസ്ഥാന നിർവ്വഹണ ഏജൻസി കുടുംബശ്രീയാണ്.

7. **ദീൻ ദയാൽഉപാദ്ധ്യായ ഗ്രാമീണ കൗശല്ല്യ യോജന (ഡിഡിയുജികെവൈ), ദേശീയ നഗര ഉപജീവന മിഷൻ (എൻയുഎൽഎം)**

ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന, ദേശീയ നഗര ഉപജീവന മിഷൻ പദ്ധതി എന്നിവ കുടുംബശ്രീ മുഖേനയാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്.

8. **നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ (എൻആർഒ)**

കേരളത്തിൽ കുടുംബശ്രീയിൽ പ്രവർത്തിക്കുന്ന മുതിർന്ന 120 പ്രവർത്തകരാണ് മാസ്റ്റർ പരിശീലകരായി വിവിധ സംസ്ഥാനങ്ങളിലെ അയൽക്കൂട്ടങ്ങൾക്ക് പരിശീലനം നൽകുന്നത്.

| | | | |
|---|---|---|---|
| (ബി) | ആശ്രയ പദ്ധതി വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (ബി) | ആശ്രയ 'അഗതി പുനരധിവാസ പദ്ധതി' യുടെ ഒന്നാം ഘട്ട പദ്ധതി കേരളത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കി വരുന്നു. 768 തദ്ദേശഭരണ സ്ഥാപനങ്ങളിൽ രണ്ടാംഘട്ട പദ്ധതി ആരംഭിച്ച് നടപ്പിലാക്കി വരുന്നു. ഒന്നാം ഘട്ട പദ്ധതി പൂർത്തിയാക്കിയ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിലവിൽ തുടരുന്ന ഗുണഭോക്താക്കൾക്കായി തുടർ സേവന പദ്ധതി തയ്യാറാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതിയിൽ ഇനിയും ഉൾപ്പെടാത്ത ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതും അനർഹരെ ഒഴിവാക്കുന്നതും ഉൾപ്പടെയുള്ള ഭേദഗതികൾ വരുത്തിയ പുതുക്കിയ മാർഗ്ഗരേഖ തയ്യാറാക്കി വരുന്നു. 'അഗതി രഹിത കേരളം' എന്ന ആശയം ആശ്രയ പദ്ധതിയുടെ വിപുലീകരണത്തോടെ 2017 ൽ നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ